# റിപ്പബ്ലിക് ഓഫ് കൊറിയൻ പ്രസിഡന്റുമായുള്ള പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

2023 മെയ് 20

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2023 മെയ് 20 ന് ഹിരോഷിമയിൽ വെച്ച് ജി-7 ഉച്ചകോടിയുടെ ഭാഗമായി റിപ്പബ്ലിക് ഓഫ് കൊറിയൻ പ്രസിഡന്റായ ബഹുമാന്യനായ മിസ്റ്റർ യൂൻ സുക് യോളുമായി കൂടിക്കാഴ്ച നടത്തി.

2. ഇന്ത്യ - റിപ്പബ്ലിക് ഓഫ് കൊറിയ പ്രത്യേക തന്ത്രപരമായ പങ്കാളിത്തത്തിന്റെ പുരോഗതി നേതാക്കൾ അവലോകനം ചെയ്യുകയും ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ ചർച്ച ചെയ്യുകയും ചെയ്തു, പ്രത്യേകിച്ചും വ്യാപാരം, നിക്ഷേപം, ഉയർന്ന സാങ്കേതികവിദ്യ, ഐടി ഹാർഡ്‌വെയർ നിർമ്മാണം, പ്രതിരോധം, അർദ്ധചാലകങ്ങൾ, സംസ്കാരം എന്നീ മേഖലകളിൽ.

3. ഇരു രാജ്യങ്ങളും നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ 50-ാം വാർഷികം ഈ വർഷം ആഘോഷിക്കുകയാണെന്ന് നേതാക്കൾ സൂചിപ്പിച്ചു, അവരുടെ സഹകരണം കൂടുതൽ മെച്ചപ്പെടുത്താൻ സമ്മതം അറിയിച്ചു.

4. പ്രധാനമന്ത്രിയുടെ ജി-20 നേതൃത്വത്തെ പ്രസിഡന്റ് യൂൻ സുക് യോൾ അഭിനന്ദിക്കുകയും പിന്തുണ അറിയിക്കുകയും ചെയ്തു. ഈ വർഷം സെപ്റ്റംബറിൽ നടക്കുന്ന ജി 20 നേതാക്കളുടെ ഉച്ചകോടിക്കായി പ്രസിഡന്റ് യൂണിന്റെ ഇന്ത്യാ സന്ദർശനത്തിനായി കാത്തിരിക്കുകയാണെന്ന് പ്രധാനമന്ത്രി അറിയിച്ചു.

5. റിപ്പബ്ലിക് ഓഫ് കൊറിയയുടെ ഇന്തോ-പസഫിക് തന്ത്രത്തെയും അതിൽ ഇന്ത്യക്കുള്ള പ്രാധാന്യത്തെയും പ്രധാനമന്ത്രി സ്വാഗതം ചെയ്തു.

6. പ്രാദേശിക സംഭവവികാസങ്ങളെക്കുറിച്ച് നേതാക്കൾ ആശയവിനിമയവും നടത്തി.

**ഹിരോഷിമ**

**2023 മെയ് 20**